**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **05-07-2022 - ൽ മറുപടിയ്ക്ക്**

**ക്ലാസ്സ് മുറികൾക്കായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്ഥലപരിമിതി മൂലം പ്രയാസമനുഭവപ്പെടുന്ന സർക്കാർ സ്കൂളുകളിൽ ക്ലാസ്സ് മുറികൾ സജ്ജമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ; | (എ) | **ലഭ്യമായ അപേക്ഷയിന്മേൽ പ്രാരംഭമായി 4 സ്ക്രാപ്പ് ബസ്സുകൾ സൗജന്യമായി സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകി. എന്നാൽ പ്രസ്തുത ബസ്സ് നീക്കം ചെയ്യുന്നതും, രൂപമാറ്റം വരുത്തുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സ്ഥാപനം സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതും, "Donated by KSRTC”എന്ന് ഇരുവശങ്ങളിലും രേഖപ്പെടുത്തണമെന്ന നിബന്ധനയോടെയുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. തുടർന്നും ഇത്തരത്തിൽ കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എവിടെയെല്ലാം ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കുമോ? | (ബി) | ഭീമനാട് യു.പി.എസ് – 1<br><br>ഗവ.റ്റി.റ്റി.ഐ, മണക്കാട്, തിരുവനന്തപുരം- 2<br><br>കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് – 1 |

സെക്ഷൻ ഓഫീസർ